**കണ്ണൂർ സർവ്വകലാശാല**

**സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ്**

**(എസ് എൽ എൽ I)**

നം. SDE I/SDE I - 2/2814/2022 കണ്ണൂർ, തീയ്യതി: 30.01.2024

**<u>പ്രസിദ്ധീകരണത്തിന്</u>**

**പ്രൈവറ്റ് രജിസ്ട്രേഷൻ മൂന്നാം സെമസ്റ്റർ ബിരുദം അസൈൻമെന്റ്**

പ്രൈവറ്റ് രജിസ്ട്രേഷൻ മൂന്നാം സെമസ്റ്റർ ബി.എ. ഇക്കണോമിക്സ്/ബി.എ. അഫ്സൽ-ഉൽ-ഉലമ/ ബി.എ. ഹിസ്റ്ററി/ ബി.എ. പൊളിറ്റിക്കൽ സയൻസ്/ബി.ബി.എ./ ബി.കോം. (റഗുലർ/സപ്ലിമെന്ററി), ബി.എ. കന്നഡ (റഗുലർ മാത്രം), ബി.എ. മലയാളം / ബി.എ. ഇംഗ്ലീഷ് (സപ്ലിമെന്ററി മാത്രം) ബിരുദം (റഗുലർ - 2022 പ്രവേശനം/ സപ്ലിമെന്ററി - 2020, 2021 പ്രവേശനം) നവംബർ 2023 സെഷൻ ഇന്റേണൽ ഇവാലേഷന്റെ ഭാഗമായുള്ള അസൈൻ മെന്റ് **<u>2024 ഫെബ്രുവരി 19, തിങ്കളാഴ്ച (19.02.2024) വൈകിട്ട് നാല് മണിക്കു മുൻപായി</u>** സ്കൂൾ ഓഫ് ലൈഫ് ലോങ് ലേണിങ് - ൽ സമർപ്പിക്കണം.

അസൈൻമെന്റിനുള്ള ഫീസ്, **School Of Distance Education - Course Fee** എന്ന ശീർഷകത്തിലാണ് അടയ്ക്കേണ്ടത്. 2022 പ്രവേശനം വിദ്യാർഥികൾ പേപ്പർ ഒന്നിന് 60/- രൂപ നിരക്കിൽ ഫീസ് അടയ്ക്കണം. 2020, 2021 പ്രവേശനം വിദ്യാർഥികൾ പേപ്പർ ഒന്നിന് 60/- രൂപ നിരക്കിൽ ഫീസ് അടയ്ക്കുന്നതിനു പുറമെ പിഴ ഇനത്തിൽ ആകെ 150/- രൂപ കൂടി അടയ്ക്കണം. **<u>2020, 2021 പ്രവേശനം വിദ്യാർഥികളിൽ സപ്ലിമെന്ററി അസൈൻമെന്റ് സമർപ്പിക്കുന്നവർ നിർബന്ധമായും</u>** മൂന്നാം സെമസ്റ്റർ ബിരുദം (പ്രൈവറ്റ് രജിസ്ട്രേഷൻ) നവംബർ 2023 സെഷൻ **<u>പരീക്ഷയിലെ അതത് പേപ്പറുകൾക്ക്,</u>** <u>പരീക്ഷകൾ വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക്</u> **<u>രജിസ്റ്റർ ചെയ്തിരിക്കണം.</u>**

സർവ്വകലാശാല വെബ് സൈറ്റിൽ, **Academics - Private Registration - Assignment - Assignment Submission** ലിങ്കിൽ എൻറോൾമെന്റ് നമ്പറും ജനന തീയ്യതിയും, നിർദേശിച്ച പ്രകാരം നൽകി, അസൈൻമെന്റ് ചോദ്യങ്ങളും മാർഗനിർദേശങ്ങളും ഡൗൺലോഡ് ചെയ്യാം.

*(ഒപ്പ്/-)*

Bindu K P G

DEPUTY REGISTRAR

സ്വീകർത്താവ്:-

പി.ആർ.ഒ./ വെബ് മാനേജർ/ അന്വേഷണ വിഭാഗം